## കുഞ്ഞിമംഗലം ഡോട്ട് കോം ഒരു ദശകം പിന്നിടുമ്പോൾ

ജന്മിത്വം കൊടികുത്തി വാണിരുന്ന കാലഘട്ടത്തിൽ ഹരിജനോദ്ധാരണത്തിനും, അധസ്ഥിതരുടെ ഉന്നമനത്തിനും വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച യശശ്ശരീരനായ ശ്രീ.വി.ആർ.നായനാരുടെ നാമധേയത്തിൽ കുഞ്ഞിമംഗലത്തിന്റെ ഹൃദയഭാഗത്ത് തലയുയർത്തി നിൽക്കുന്ന വി.ആർ.നായനാർ സ്മാരക വായനശാലയിൽ വെച്ചാണ് 2007 ജനുവരി 28-ന് കുഞ്ഞിമംഗലം ഡോട്ട് കോം പിറവി എടുക്കുന്നത്. അന്നത്തെ തളിപ്പറമ്പ് എം.എൽ.എ. ആയിരുന്ന ശ്രീ.സി.കെ.പി. പദ്മനാഭനാണ് നിരവധി രാഷ്ട്രീയ സാമൂഹ്യപ്രവർത്തകർ ഉൾപ്പെടെയുള്ള നിറഞ്ഞ സദസ്സിനു മുന്നിൽ വെച്ച് കുഞ്ഞിമംഗലം ഡോട്ട് കോമിന്റെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചത്. കുഞ്ഞിമംഗലം ഡോട്ട് കോം പ്രവർത്തനം തുടങ്ങിയിട്ട് ഇന്നേക്ക് (28.01.17) ഒരു ദശാബ്ദം പൂർത്തിയാവുകയാണ്.

കുഞ്ഞിമംഗലത്തിന്റെ രാഷ്ട്രീയവും, സാമൂഹ്യവും, സാംസ്കാരികവും, വിദ്യാഭ്യാസപരവും, ഭൂമിശാസ്ത്രപരവുമായ ചരിത്ര യാഥാർഥ്യങ്ങൾ കുഞ്ഞിമംഗലക്കാരും അല്ലാത്തവരുമായ ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള ആളുകൾക്ക് മനസ്സിലാക്കത്തക്ക തരത്തിൽ ആധുനിക കാലഘട്ടത്തിന്റെ മാധ്യമമായ വെബ്സൈറ്റിലൂടെ ജനസമക്ഷം സമർപ്പിക്കുക എന്ന ലക്ഷ്യമാണ് ഈ വെബ്സൈറ്റ് രൂപകൽപന ചെയ്യുമ്പോൾ ഇതിന്റെ അണിയറ പ്രവർത്തകർക്ക് ഉണ്ടായിരുന്നത്. പോരായ്മകളുണ്ടെങ്കിലും ഒരു പരിധിവരെ ഞങ്ങളുടെ ലക്ഷ്യം വിജയം കണ്ടു എന്നതിന് തെളിവാണ് ഈ വെബ്സൈറ്റിൽ തന്നെ ലഭ്യമാകുന്ന 134 ൽ അധികം രാജ്യങ്ങളിൽ നിന്നുള്ള സന്ദർശകരുടെ വിവരങ്ങൾ.

ലോകത്തിന്റെ നാനാഭാഗങ്ങളിൽ ഉള്ള കുഞ്ഞിമംഗലക്കാരെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് ഈ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള നോൺ റസിഡന്റ് കുഞ്ഞിമംഗലം ഡയറക്ടറി (NRK Directory) വലിയ സഹായകരമായിട്ടുണ്ട്.

വെബ്സൈറ്റ് പ്രവർത്തനം തുടങ്ങി കേവലം ഒന്നര വർഷങ്ങൾക്ക് ശേഷം, ലോകസാക്ഷരത ദിനമായ സെപ്റ്റംബർ 8-നു പ്രാദേശികവാർത്ത കോളം ആരംഭിച്ചത് വെബ്സൈറ്റിന്റെ പ്രവർത്തനത്തിൽ നാഴികക്കല്ലായി മാറി. കുഞ്ഞിമംഗലത്ത് നടക്കുന്ന പ്രധാന സംഭവങ്ങൾ, മറ്റ് വാർത്താമാധ്യമങ്ങളിൽ വരുന്നതിന് മുമ്പ് തന്നെ കുഞ്ഞിമംഗലം ഡോട്ട് കോം വഴി പ്രവാസികളായ നാട്ടുകാരെ അറിയിക്കുവാൻ ഞങ്ങൾക്ക് സാധിച്ചു. കുഞ്ഞിമംഗലത്ത് നടക്കുന്ന ഉത്സവങ്ങളും വേണ്ട പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്യാനും ഞങ്ങൾക്ക് സാധിച്ചു. അതുപോലെ തന്നെ ത്രിതല പഞ്ചായത്തുകളിൽ നടന്ന തെരഞ്ഞെടുപ്പ് വാർത്തകളും ജനവിധിയും പ്രാദേശിക വോട്ടെണ്ണൽ കേന്ദ്രത്തിൽ നിന്നും നേരിട്ട് റിപ്പോർട്ട് ചെയ്യാനും ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

അനന്തരം പ്രവാസി വാർത്തകളും വിശേഷങ്ങളും ആയി ഗൾഫ് ന്യൂസ് കോളം തുടങ്ങിയതും വെബ് സൈറ്റ് പ്രവർത്തനങ്ങൾക്ക് മാറ്റ് കൂട്ടി.

വെബ്സൈറ്റിന്റെ പ്രവർത്തനം ആരംഭിച്ച് രണ്ടാം വർഷം കുഞ്ഞിമംഗലത്തിൻറെ ഹരിതാഭമായ ഗ്രാമഭംഗി ഉൾപ്പെടുത്തി ഒരു ശാസ്ത്രകലണ്ടർ പുറത്തിറക്കാനും നിരവധി കലണ്ടറുകൾ കുഞ്ഞിമംഗലം ഗ്രാമത്തിൽ സൗജന്യമായി വിതരണം ചെയ്യാനും ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

കൂടാതെ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളിൽ നേരിട്ടും അല്ലാതേയും ഞങ്ങളുടെ സാന്നിധ്യം ഉണ്ടായിട്ടുണ്ട്. 2010 ലും 2012 ലും ഏപ്രിൽ മെയ് മാസങ്ങളിൽ കുഞ്ഞിമംഗലം ബ്രദേഴ്സും, മലബാർ കാൻസർ കെയർ സൊസൈറ്റിയും, കുഞ്ഞിമംഗലം ഡോട്ട് കോമും സംയുക്തമായി കാൻസർ നിവാരണ ക്യാമ്പ് (War Against Cancer) സംഘടിപ്പിക്കുകയുണ്ടായി.

ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി പാവപ്പെട്ട രോഗികളെ സാമ്പത്തികമായി സഹായിക്കുന്നതിന് വേണ്ടി പ്രവാസികളായ സാമൂഹ്യ പ്രവർത്തകരേയും സംഘടനകളേയും സമീപിച്ചു പരമാവധി ധനസമാഹരണം നടത്തി ഞങ്ങൾ രോഗികൾക്ക് എത്തിച്ചു കൊടുത്തിട്ടുണ്ട്. മിഡിൽ ഈസ്റ്റിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ സൗഹൃദ വേദി (പി.എസ്.വി.) യൂണിറ്റുകൾ (പ്രത്യേകിച്ച് അബുദാബി, ദുബായ്,ഖത്തർ യൂണിറ്റുകൾ), തപസ് ദുബായ് എന്നീ സംഘടനകളും, ശ്രീ.വി.ടി.വി.ദാമോദരൻ, ശ്രീ.പി.പി.ദാമോദരൻ, ശ്രീ.പി.വി.ദാമോദരൻ, ശ്രീ.മുരളി വാര്യർ, ശ്രീ.പി.പി.സജിത് എന്നിവരും, മറ്റ് അഭ്യുദയാകാംക്ഷികളും നൽകിയിട്ടുള്ള സഹായ സഹകരണങ്ങൾ ഈ അവസരത്തിൽ സ്മരിക്കുന്നു.

ഇക്കാലയളവിൽ തന്നെ കുഞ്ഞിമംഗലം ഡോട്ട് കോമിന്റെ നേതൃത്വത്തിൽ കുഞ്ഞിമംഗലത്ത് ഒരു ചാരിറ്റി ഓർഗനൈസേഷൻ രൂപീകരിക്കുന്നതിന് വേണ്ട മുൻകൈ എടുക്കുകയും അതിന്റെ ഭാഗമായി 2011 സെപ്റ്റംബർ 16-ന് വി.ആർ.നായനാർ സ്മാരക വായനശാലയിൽ ഒരു യോഗം വിളിച്ചു ചേർക്കുകയും ചെയ്തു. അന്നത്തെ യോഗ തീരുമാനപ്രകാരം "മദർ ചാരിറ്റിസ് കുഞ്ഞിമംഗലം" (MOTHER - Mankind Organization Targets Health, Education & Rehabilitation) എന്ന പേരിൽ ലോക സമാധാന ദിനമായ നവംബർ 17-ന് (2011) സംഘടന ഔദ്യോഗികമായി രജിസ്റ്റർ ചെയ്ത് നിലവിൽ വന്നു.

കുഞ്ഞിമംഗലത്തെ ഓട്-വെങ്കല കരകൗശല നിർമ്മാണങ്ങളെക്കുറിച്ചു കുഞ്ഞിമംഗലം ഡോട്ട് കോമിലൂടെ മനസ്സിലാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇറ്റലിയിൽ നിന്നും ഒരു കലാകാരൻ മിസ്റ്റർ ക്രിസ്റ്റോഫർ ഗ്രിഫിൻ (Mr. Christopher Griffin) ഞങ്ങളെ ബന്ധപ്പെടുകയുണ്ടായി. കുഞ്ഞിമംഗലത്ത് വന്ന് ഇവിടെയുള്ള കലകളെക്കുറിച്ചു മനസ്സിലാക്കണമെന്ന ആ കലാകാരന്റെ ആഗ്രഹത്തെ തുടർന്ന് അദ്ദേഹത്തിന് കുഞ്ഞിമംഗലത്ത് വന്ന് ഈ മേഖലയിൽ ജോലി ചെയ്യുന്ന ആളുകളെ കാണുവാനും ദിവസങ്ങളോളം ഇവിടെ താമസിച്ചു അദ്ദേഹത്തിനാവശ്യമായ കാര്യങ്ങൾ മനസ്സിലാക്കുവാനും ഉള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുവാൻ സാധിച്ചതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. ഒട്ടാവയിൽ തിരിച്ചെത്തിയ ശേഷം അവിടെ നടത്തിയ ഒരു എക്സിബിഷനിൽ കുഞ്ഞിമംഗലത്തേയും വെബ്സൈറ്റിനേയും കുറിച്ച് അദ്ദേഹം നടത്തിയ പരാമർശങ്ങൾ ശ്രദ്ധേയമാണ്.

http://www.podcastersacrossborders.com/2011/07/22/kunhimangalam-where-the-elephants-have-no-ears/

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൻറെ വടക്കെ അറ്റത്തുള്ള കുഞ്ഞിമംഗലത്ത് ദൈവങ്ങൾ പുനർജ്ജനിക്കുകയാണ്. പഞ്ചലോഹ വിഗ്രഹ നിർമ്മാണവും, ഓട് പാത്ര നിർമ്മാണവും, വെങ്കല നിർമ്മാണവും ഈ ഗ്രാമത്തിന്റെ പൈതൃക കലകളാണ്. ഇതേക്കുറിച്ച് കുഞ്ഞിമംഗലം ഡോട്ട് കോമിൽ നൽകിയിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ നിരവധി ആളുകൾ ഞങ്ങളെ ബന്ധപ്പെടുകയും കൂടുതൽ വിവരങ്ങൾ ആരായുകും ചെയ്തു. ഒരവസരത്തിൽ അമേരിക്കയിൽ നിന്നും പഞ്ചലോഹ വിഗ്രഹങ്ങൾക്കും വിളക്കുകൾക്കും ഞങ്ങൾ വഴി ബന്ധപ്പെട്ടവർക്ക് ഓർഡർ ലഭിച്ചു. തുടർന്ന് 4 പഞ്ചലോഹ വിഗ്രഹങ്ങളും (ശ്രീരാമൻ, സീത, ലക്ഷ്മണൻ, ഹനുമാൻ), 2 വിളക്കുകളും 2010 ജൂൺ 3 ന് കുഞ്ഞിമംഗലത്ത് നിന്നും അമേരിക്കയിലേക്ക് കയറ്റി അയക്കുന്നത് വരെയുള്ള എല്ലാ കാര്യങ്ങളും ചെയ്തു കൊടുക്കുവാൻ ഞങ്ങൾക്ക് സാധിച്ചു.

കേരളത്തിൻറെ മുൻ ചീഫ് സെക്രട്ടറിയും വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ആളും, അഴിമതിരഹിത ഔദ്യോഗിക ജീവിതത്തിൻറെ ഉടമയുമായ ശ്രീ.വിജയനുണ്ണി ഐ.എ.സ്. കഴിഞ്ഞ മൂന്നര വർഷക്കാലമായി വിവിധ വിഷയങ്ങളെക്കുറിച്ച് ചിന്തനീയവും, കാര്യമാത്രപ്രസക്തവും, രസകരവുമായ ബ്ലോഗുകൾ ദിനംപ്രതി എഴുതുന്നത് കുഞ്ഞിമംഗലം ഡോട്ട് കോമിന് തിലകക്കുറി ചാർത്തുകയാണ്. പത്രമാധ്യമങ്ങളിലൂടെയും ടെലിവിഷൻ ഇന്റർവ്യൂകളിലും കുഞ്ഞിമംഗലം ഡോട്ട് കോമിനെക്കുറിച്ച് നിരവധി പരാമർശങ്ങൾ നടത്തിയത് ഞങ്ങൾക്കുള്ള അംഗീകാരമായി കണക്കാക്കുന്നു. അദ്ദേഹത്തിന് ഈ അവസരത്തിൽ കുഞ്ഞിമംഗലം ഡോട്ട് കോം പ്രവർത്തകരുടെ കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഞങ്ങളുടെ പ്രവർത്തനങ്ങൾക്കിടയിൽ നടന്ന രസകരവും, അതിലേറെ ഹൃദയസ്പർശിയും ആയ ഒരു അനുഭവം ഇവിടെ കുറിക്കുവാൻ ആഗ്രഹിക്കുന്നു.
1942 ആഗസ്റ്റ് 8 ന് ബോംബെയിൽ വെച്ച് എ.ഐ.സി.സി.യുടെ നേതൃത്വത്തിൽ നടത്തിയ ക്വിറ്റ് ഇന്ത്യ സമരാഹ്വാന സമ്മേളനത്തിൽ മലബാറിനെ പ്രതിനിധീകരിച്ച് അന്നത്തെ കെ.പി.സി.സി. സെക്രട്ടറി ശ്രീ.കെ.സി.നമ്പ്യാർ പങ്കെടുത്തിരുന്നു. പിന്നീട് നാട്ടിൽ തിരിച്ചെത്തി പ്രവർത്തകരുടെ രഹസ്യ യോഗം വിളിച്ചു ചേർത്ത് സമരാഹ്വാന പ്രഖ്യാപനത്തെക്കുറിച്ച് വിവരിക്കുകയും ആവശ്യമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തു. വിവരം മണത്തറിഞ്ഞ ബ്രിട്ടീഷ് പോലീസ് അദ്ദേഹത്തെ അറസ്റ്റ് ചെയ്തു ജയിലിലടച്ചു. സ്വാതന്ത്ര്യാനന്തരം അദ്ദേഹം കുഞ്ഞിമംഗലത്ത് നിന്നും മറ്റൊരിടത്തേക്ക് താമസം മാറ്റി. അതിനുശേഷം അദ്ദേഹത്തെക്കുറിച്ചോ കുടുംബാംഗങ്ങളെക്കുറിച്ചോ കുഞ്ഞിമംഗലത്ത് ആർക്കും അറിവില്ലായിരുന്നു. ഈ അവസരത്തിലാണ് കുഞ്ഞിമംഗലം ഡോട്ട് കോമിൽ നിന്നും അറിഞ്ഞ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2011 ജനുവരിയിൽ അദ്ദേഹത്തിൻറെ ചെറുമകൻ ശ്രീ. സഞ്ജീവ് വിശ്വനാഥൻ ബോംബെയിൽ നിന്നും ഞങ്ങളെ വിളിക്കുന്നത്. ശ്രീ.കെ.സി.നമ്പ്യാരുടെ മകൻ ശ്രീ.വിശ്വനാഥനും കുടുംബവും ഇപ്പോൾ പാലക്കാട് ഉണ്ടെന്ന് അറിയാൻ കഴിഞ്ഞതും, ധീരനായ ആ സ്വാതന്ത്ര്യ സമരസേനാനിയുടെ ഫോട്ടോ സംഘടിപ്പിച്ച് ഞങ്ങളുടെ വെബ്സൈറ്റിൽ കൊടുക്കാൻ കഴിഞ്ഞതും ഞങ്ങൾക്ക് അഭിമാനാർഹമായ കാര്യമാണ്.

ഇത്തരത്തിൽ, കുഞ്ഞിമംഗലക്കാരും പിൽക്കാലത്ത് കുഞ്ഞിമംഗലത്ത് നിന്നും മറ്റ് സ്ഥലങ്ങളിലേക്ക് മാറിപ്പോയവരും ആയ പലരും വെബ്സൈറ്റിൽ നിന്നും കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഞങ്ങളെ ബന്ധപ്പെട്ടിട്ടുണ്ട്.

തുടക്കത്തിൽ രാഷ്ട്രീയപരമായും അല്ലാതേയും നിരവധി വിമർശനങ്ങൾക്ക് ഞങ്ങൾ വിധേയരായിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയുടേയും വാലായി പ്രവർത്തിക്കാത്തതുകൊണ്ട് രാഷ്ട്രീയപ്പാർട്ടികളുടെ പിന്തുണയോ സഹായമോ ഇന്നേവരെ കുഞ്ഞിമംഗലം ഡോട്ട് കോമിന് ലഭിച്ചിട്ടില്ല. എന്നാൽ രാഷ്ട്രീയ ചിന്തകൾക്കപ്പുറം പല പ്രമുഖ വ്യക്തികളുടെയും, അഭ്യുദയാകാംക്ഷികളുടെയും പിന്തുണ ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് എന്നും കരുത്തേകുന്നു.

ഒരു ഘട്ടത്തിൽ കുഞ്ഞിമംഗലം ഡോട്ട് കോം ഒരു പ്രത്യേക വിഭാഗത്തെ അവഗണിക്കുന്നു എന്ന ആരോപണവുമായി ചിലർ കുഞ്ഞിമംഗലത്തിൻറെ പേരിൽ മറ്റൊരു വെബ്സൈറ്റ് തന്നെ ആരംഭിക്കുകയുണ്ടായി. ചുരുങ്ങിയ കാലം കൊണ്ട് തന്നെ ആ വെബ്സൈറ്റിന്റെ പ്രവർത്തനം നിലച്ചു. ആ വെബ്സൈറ്റിന്റെ പിന്നണി പ്രവർത്തകരോട് ഞങ്ങളോടൊപ്പം സഹകരിച്ചു പ്രവർത്തിക്കുവാൻ ഞങ്ങൾ അഭ്യർത്ഥിച്ചുവെങ്കിലും അത്തരം ഒരു നീക്കം അവരിൽ നിന്നും ഉണ്ടായില്ല.

ഇതൊക്കെയാണെങ്കിലും സോഷ്യൽ മീഡിയയുടെ അതിപ്രസരം കാരണം സന്ദർശകർ വെബ് സൈറ്റിനോട് കാണിക്കുന്ന താൽപര്യത്തിൽ നിന്നും പിന്നോക്കം പോകുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നമ്മുടെ നാട്ടിൽ വൃദ്ധ സദനങ്ങൾ പെരുകുന്നതുപോലെ ഇത്തരം വെബ് സൈറ്റുകളോടുള്ള മനോഭാവത്തിലും മാറ്റങ്ങൾ വരുന്നതിൽ അതിശയോക്തിയില്ല. എങ്കിലും വരും തലമുറക്ക് പറഞ്ഞുകൊടുക്കത്തക്കവണ്ണമുള്ള ഒരു നാടിൻറെ ചരിത്രം ന്യൂജെൻ-സോഷ്യൽ മീഡിയയിൽ കിട്ടില്ല എന്ന ഓർമ്മപ്പെടുത്തലുകൾ നടത്തുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

വിവിധ ജോലിത്തിരക്കുകൾക്കിടയിലും ഞങ്ങളുടെ സംഘാംഗങ്ങളുടെ നിസ്വാർത്ഥ പ്രവർത്തനം കൊണ്ട് മാത്രമാണ് ഈ വെബ്സൈറ്റ് മുന്നോട്ട് കൊണ്ടുപോകുവാൻ ഞങ്ങൾക്ക് കഴിയുന്നത്. കുഞ്ഞിമംഗലം ഡോട്ട് കോം ഒരു ദശാബ്ദം പിന്നിടുന്ന ഈ വേളയിൽ മുഴുവൻ ടീം അംഗങ്ങളോടും ഹൃദയത്തിൻറെ ഭാഷയിൽ ഞാൻ നന്ദി രേഖപ്പെടുത്തുന്നു.

അതുപോലെ തന്നെ ഞങ്ങളോട് സഹകരിച്ച മുഴുവൻ അഭ്യുദയകാംക്ഷികളോടും, ജീവകാരുണ്യ പ്രവർത്തകരോടും, സംഘടനകളോടും, നാട്ടുകാരോടും, പ്രവാസികളോടും നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം തുടർന്നും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

സ്നേഹാദരങ്ങളോടെ,